"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 362/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.315/2025/LSGD** **തീയതി, തിരുവനന്തപുരം, 01-02-2025**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12/08/2024 -ലെ എ3/816/2015/ടിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം.2017/2024/ത.സ്വ.ഭ.വ, തീയതി, 22-10-2024.

3. സ.ഉ.(സാധാ) നം.9615/2024/ത.സ്വ.ഭ.വ, തീയതി, 28-12-2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തൈക്കാട് വില്ലേജിൽ ശ്രീ. എസ്. അയ്യപ്പൻപിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.65 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.362/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,64,30,947/- രൂപ (ഒരു കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് രൂപ മാത്രം) കക്ഷിയ്ക്ക് നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ.362/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,64,30,947/- രൂപ (ഒരു കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. എസ്സ്. അയ്യപ്പൻ പിള്ളയ്ക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 1,64,31,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 2197/3, 2198/2, 2199 (L.A. Re.Sy.Nos. 2197/7, 2198 & 2199/4) എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. അയ്യപ്പൻപിള്ളയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.65 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.362/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,64,30,947/- രൂപ (ഒരു കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് രൂപ മാത്രം) 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. എസ്. അയ്യപ്പൻപിള്ളയ്ക്ക് അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. എസ്സ്. അയ്യപ്പൻപിള്ള, S/o Subbaiah, T.C.No.35/1484, Chenthitta, Thycaud, Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/241/2024/FIN. dated 06.01.202).
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ് (IA4/112/2023-LSGD)
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/305/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 01-02-2025 15:55:40
സെക്ഷൻ ഓഫീസർ